"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - ജീവനക്കാര്യം - ആൻജിയോപ്ലാസ്റ്റിക്ക് വിധേയരാകുന്ന പാർട്ട് ടൈം കണ്ടിൻജെന്റ് ജീവനക്കാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

---

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(റൂൾസ്) വകുപ്പ്

സ.ഉ.(അച്ചടി) നം.6/2025/P&ARD തീയതി,തിരുവനന്തപുരം, 30-04-2025

---

പരാമർശം:- സ.ഉ.(അച്ചടി) നം.153/2019/ധന തീയതി 06/11/2019.

<u>ഉത്തരവ്</u>

ആൻജിയോപ്ലാസ്റ്റിക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് 30 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചുകൊണ്ട് പരാമർശിത ഉത്തരവ്പുറപ്പെടുവിച്ചിട്ടുണ്ട്. ടി ആനുകൂല്യം പാർട്ട് ടൈം കണ്ടിൻജെന്റ് ജീവനക്കാർക്ക് കൂടി കൂടി അനുവദിക്കുന്നത് ഉചിതമാകുമെന്ന് സർക്കാർ കരുതുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ, ആൻജിയോപ്ലാസ്റ്റിക്ക് വിധേയരാകുന്ന പാർട്ട് ടൈം കണ്ടിൻജെന്റ് ജീവനക്കാർക്ക് പരാമർശിത ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി 30 ദിവസം വരെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

ടി അവധി ആനുകൂല്യത്തിന് ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

നിലവിൽ ആൻജിയോപ്ലാസ്റ്റിക്ക് വിധേയരായി ആയതിന്റെ ആവശ്യത്തിലേക്കായി മറ്റുതരത്തിലുള്ള അവധികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നവരുടെ കാര്യത്തിൽ ഈ ഉത്തരവു തീയതിക്കുശേഷം അവശേഷിക്കുന്ന അവധി കാലയളവ് സ്പെഷ്യൽ കാഷ്വൽ ലീവ് ആയി പരിഗണിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എ

അഡിഷണൽ സെക്രട്ടറി

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ

സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.
ഊർജ്ജ വകുപ്പ് [PWR-A3/79/2024-POWER നമ്പർ ഫയൽ പ്രകാരം].
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [പ്രചാരണത്തിന്].
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Dileep D
Date: 30-04-2025 11:22:15
സെക്ഷൻ ഓഫീസർ